

# കസ്റ്റംസ് വിഷയങ്ങൾ ലളിതമായി മനസിലാക്കാം

PREPARED BY: Mr. Nanoo Viswanadhan
(MBA. LLB. ML. PGDSCM & Journalism)

Chief Editor Of Maritime Business Bullettin | Chief Executive Director, LLMTC |
Chairman, A-LLM Trust | Blue Economy Revolution forum Chairman WMC Global |
Maritime Business & Legal Consultant

**അ**ന്താരാഷ്ട്ര വ്യാപാരത്തിന് (International Trade) ഒരു രാജ്യത്തിന്റെ സാമ്പത്തിക തൊഴിൽ ബിസിനസ് വളർച്ചയിൽ നിർണായക പങ്കാണുള്ളത്. അതിനാൽ അന്തർദേശീയ വ്യാപാരത്തിന്റെ ഗതി വിഗതികൾക്കനുസൃതമായ നിയമങ്ങൾ പാലിച്ച്, ലോകോത്തര നിലവാരമുള്ള സർവീസും നൽകി ശ്രദ്ധയോടുകൂടി മുന്നോട്ടു പോകേണ്ടത് അത്യന്താപേക്ഷിതമാണ്. ഇവിടെ 'കസ്റ്റംസി'ന്റെ പ്രാധാന്യം എടുത്തുപറയേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഒരു രാജ്യത്തിന്റെ പുരോഗതി യ്ക്ക് ആവശ്യമായ റവന്യൂ നേടിയെടുക്കുന്നതിലും എക്സ്പോർട്ട് ഇംപോർട്ടുമായി ബന്ധപ്പെട്ട സർവ്വീസുകൾ നൽകുന്നതിനും കസ്റ്റംസിന് പ്രധാന പങ്കാണുള്ളത്.

സാധനങ്ങൾ കയറ്റുമതിയും ഇറക്കുമതിയും ചെയ്യുമ്പോൾ 'ടാക്സ്' (Tax) ചുമത്തുന്നതിലും അനുബന്ധ കാർഗോ ക്ലിയറൻസിന് ആവശ്യമായ സേവന പ്രവർത്തനങ്ങളുൾപ്പെടെ നിരവധി സർവ്വീസുകളാണ് കസ്റ്റംസ് നൽകുന്നത്. കയറ്റുമതി ഇറക്കുമതി വ്യാപാരത്തിൽ കസ്റ്റംസ് ചുമത്തുന്ന ടാക്സിനെയാണ് 'ഡ്യൂട്ടി' എന്നു പറയുന്നത്. ഒരു രാജ്യത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങളും സേവനങ്ങളും രാജ്യത്തിനു പുറത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിനെ (വിൽക്കുന്നതിനെ) എക്സ്പോർട്ട് (കയറ്റുമതി) എന്നും വിദേശരാജ്യങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങളും സേവനങ്ങളും നമ്മുടെ രാജ്യത്തേയ്ക്ക് ഇറക്കുമതി (വാങ്ങുന്നതിനെ) ചെയ്യുന്നതിനെ ഇംപോർട്ട് (ഇറക്കുമതി) എന്നും പറയുന്നു.

കസ്റ്റംസിന്റെ പ്രവർത്തനങ്ങളും, സേവനങ്ങളും 1962 ലെ ഇന്ത്യൻ കസ്റ്റംസ് ആക്ടിൽ പ്രതിപാദിക്കുന്നു. 01.02.1963 ലാണ് ഇന്ത്യൻ കസ്റ്റംസ് ആക്ട് നിലവിൽ വന്നത്. ഇന്ത്യാ ഗവൺമെന്റാണ് ഈ ആക്ട് നിർമ്മിച്ചിരിക്കുന്നത്. ഇന്ത്യയിൽ എല്ലായിടത്തും ഈ നിയമം ബാധകമാണ്. കൂടാതെ ഇന്ത്യയ്ക്ക് പുറത്തും ഇന്ത്യൻ കസ്റ്റംസുമായി ബന്ധപ്പെടുന്ന ചരക്ക് കയറ്റുമതി ഇറക്കുമതി പ്രവർത്തനങ്ങളിലും ഈ നിയമം ബാധകമാണ്. ഇന്ത്യയിൽ ഈ ആക്ട് നടപ്പിലാക്കുന്നത് സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് & കസ്റ്റംസ് ആണ് (CBIC). ഈ ബോർഡിന്റെ പഴയ പേര് 'ദി സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസ്' എന്നായിരുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ റവന്യൂ ആന്റ് മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ കീഴിലാണ് "സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് & കസ്റ്റംസ്" പ്രവർത്തിക്കുന്നത്. ഇന്ത്യൻ കസ്റ്റംസ് ആക്ട് 1962 ലെ സെക്ഷൻ 12 അനുസരിച്ചാണ് ഡ്യൂട്ടി ചുമത്തുന്നത്.

അന്താരാഷ്ട്ര വ്യാപാരത്തിന്റെ ഭാഗമായ എക്സ്പോർട്ട്, ഇംപോർട്ട്, ട്രാൻസ്ഷിപ്മെന്റ്, ട്രാൻസിറ്റ്, റീ-എക്സ്പോർട്ട്, റീ-ഇംപോർട്ട് തുടങ്ങിയ മേഖലകളെ സഹായിക്കുക, ഡ്യൂട്ടി കളക്ഷൻ, വെസ്സൽ, കാർഗോ ക്ലിയറൻസിന് ആവശ്യമായ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുക, അനധികൃതവും അനിയന്ത്രിതവുമായ കയറ്റുമതി ഇറക്കുമതി വ്യാപാരം തടയുക, ഡ്യൂട്ടി വെട്ടിപ്പ് കണ്ടുപിടിക്കുക, പിഴ ചുമത്തുക, കള്ളക്കടത്ത് തടയുക, കസ്റ്റംസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിയമപരമായി ഇടപെടുക, നിരോധിത വസ്തുക്കളുടെ കയറ്റുമതി ഇറക്കുമതി തടയുക, നിയന്ത്രണം നടപ്പിലാക്കുക, അന്താരാഷ്ട്ര യാത്രക്കാരുടെ ബാഗേജ് ക്ലിയറൻസ് നടത്തുക, പാസഞ്ചർ ക്ലിയറൻസ്, അന്താരാഷ്ട്ര കൊറിയർ ക്ലിയറൻസ് എന്നിങ്ങനെയുള്ള നിരവധി പ്രവർത്തനങ്ങളും സേവനങ്ങളുമാണ് കസ്റ്റംസ് ചെയ്യുന്നത്.

കാർഗോ ഇന്ത്യയിലേയ്ക്ക് ഇറക്കുമതിയും കയറ്റുമതിയും ചെയ്യുമ്പോൾ കസ്റ്റംസ് ക്ലിയറൻസ് നിർബന്ധിതമാണ്. കയറ്റുമതി ഇറക്കുമതിയുമായി ബന്ധപ്പെട്ട് ചുമത്തേണ്ട ഡ്യൂട്ടിയുടെ നിരക്ക് (Levied

Rate) Indian Customs Tariff Act 1975 ൽ പറയുന്നു. സാധനങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ കസ്റ്റംസ് താരിഫ് ആക്ട് സെക്ഷൻ 3(7) അനുസരിച്ച് IGST (Integrated Goods and Servicets Tax) ചുമത്തുന്നു. സാധനങ്ങളുടെ നിയന്ത്രണം (Restrictions), നിരോധനം (Prohibition) എന്നിവയെ സംബന്ധിച്ച് കസ്റ്റംസ് ആക്ട് 1962 സെക്ഷൻ 11 ൽ പ്രതിപാദിക്കുന്നു.

## CLASSES OF OFFICERS OF CUSTOMS

***(Chapter II Section 3 of the Customs Act.)***

കസ്റ്റംസ് സംബന്ധമായ വിവിധ സേവനങ്ങൾ നൽകുന്നതിന് ഇന്ത്യൻ കസ്റ്റംസ് ആക്ട് 1962 ചാപ്റ്റർ 2 സെക്ഷൻ 3 അനുസരിച്ച് ഉദ്യോഗസ്ഥരെ നിയമിക്കുന്നു. ഡ്യൂട്ടി കളക്റ്റ് ചെയ്യുക, അനുബന്ധമായ കസ്റ്റംസിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിച്ച് നടപ്പിലാക്കാൻ - കസ്റ്റംസ് പോർട്ട്, എയർപോർട്ട്, വെയർഹൗസ്, ഇൻലാന്റ് കണ്ടെയ്നർ ഡിപ്പോ (ICD), കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ (CFS), ലാന്റ് കസ്റ്റംസ് സ്റ്റേഷൻ, ഫോറിൻ പോസ്റ്റോഫീസ് എന്നിങ്ങനെ കസ്റ്റംസുമായി ബന്ധപ്പെടുന്ന വിവിധ സ്ഥലങ്ങളിൽ സേവനങ്ങൾ നൽകപ്പെടുന്നു.

### കസ്റ്റംസ് ഹൗസ് ഏജന്റ് / കസ്റ്റംസ് ബ്രോക്കർ (Customs House Agent / Customs Broker)

Regulations 3 states that "no person will carry business as Customs Broker relating to the entry or departure of a conveyance or import or export of goods at any customs station unless such person holds a licence granted under these regulations". ഇന്ത്യൻ കസ്റ്റംസ് ആക്ട് അനുസരിച്ച് എക്സ്പോർട്ടേഴ്സിനും ഇംപോർട്ടേഴ്സിനും വേണ്ടി കാർഗോ കസ്റ്റംസിൽ നിന്നും ക്ലിയർ ചെയ്യുന്നതിന് നിയമപരമായി അനുമതി ലൈസൻസ് ലഭിച്ചിട്ടുള്ളവരാണ് കസ്റ്റംസ് ബ്രോക്കേഴ്സ് അഥവാ കസ്റ്റംസ് ഹൗസ് ഏജന്റ്. കസ്റ്റംസ് ബ്രോക്കർ ലൈസൻസിംഗ് റെഗുലേഷൻസ് (Customs Brokers Licensing Regulations) 2013, 2018 (CBLR) അനുസരിച്ചാണ് കസ്റ്റംസ് ബ്രോക്കർ ലൈസൻസ് ഇഷ്യൂ ചെയ്യുന്നത്.

### വിവിധതരം ഡ്യൂട്ടികൾ

കസ്റ്റംസ് ഡ്യൂട്ടി ഒരു ഇൻഡയറക്ട് ടാക്സാണ്. ഒരു രാജ്യത്തേയ്ക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന സാധനങ്ങൾക്ക് ചുമത്തപ്പെടുന്ന ഡ്യൂട്ടിയെ ഇംപോർട്ട് ഡ്യൂട്ടി എന്നു വിളിക്കുന്നു. Section 2(25) of the Act

### ക്ലാസ്സെസ് ഓഫ് ഓഫീസേഴ്സ് ഓഫ് കസ്റ്റംസ്

*(ചാപ്റ്റർ 2 സെക്ഷൻ 3 ഓഫ് ദി കസ്റ്റംസ് ആക്ട്)*

*Under the Customs Act, the administration of the Customs Houses of the Customs Station is done by:*

1 Chief Commissioner of Customs (ചീഫ് കമ്മീഷണർ ഓഫ് കസ്റ്റംസ്)
2. Commissioner of Customs (കമ്മീഷണർ ഓഫ് കസ്റ്റംസ്)
3. Commissioner of Customs [Appeals] കമ്മീഷണർ ഓഫ് കസ്റ്റംസ് (അപ്പീൽസ്)
4. Joint Commissioner of Customs (ജോയിന്റ് കമ്മീഷണർ ഓഫ് കസ്റ്റംസ്)
5. Deputy Commissioner of Customs (ഡെപ്യൂട്ടി കമ്മീഷണർ ഓഫ് കസ്റ്റംസ്)
6. Assistant Commissioner of Customs (അസിസ്റ്റന്റ് കമ്മീഷണർ ഓഫ് കസ്റ്റംസ്)
7. Such other class of officers of customs as may be appointed for the purposes of this Act.

*As per Section 4 of the Act the Board may appoint such persons as it thinks fit to be officers of customs.*

MANOOS GROUP

defines 'imported goods' as "any goods brought into India from a place outside India but does not include goods which have been cleared for home consumption".

ഒരു രാജ്യത്തുനിന്നും രാജ്യത്തിന് പുറത്തേയ്ക്ക് കയറ്റുമതി ചെയ്യപ്പെടുന്ന സാധനങ്ങൾക്ക് ചുമത്തപ്പെടുന്ന ഡ്യൂട്ടിയാണ് എക്സ് പോർട്ട് ഡ്യൂട്ടി. Section 2(19) of the Act defines 'export goods' as "any goods which are to be taken out of India to a place outside India".

ഒരു സാധനത്തിന്റെ വില, തൂക്കം, വലിപ്പം, അളവ്, അത് ഏത് വിഭാഗത്തിൽപ്പെടുന്ന കാർഗോയാണ് എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങളെ ആശ്രയിച്ചാണ് ഒരു സാധനത്തിന് ഡ്യൂട്ടി ചുമത്തുന്നത്. ഡ്യൂട്ടിയുടെ നിരക്ക് സംബന്ധമായ കാര്യങ്ങൾ, ട്രേഡ് ക്ലാസിഫിക്കേഷൻ എന്നിവ ഇന്ത്യൻ കസ്റ്റംസ് താരിഫ് ആക്ടിൽ പ്രതിപാദിക്കുന്നു. ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന സാധനങ്ങളുടെ ഡ്യൂട്ടി സംബന്ധമായ വിവരങ്ങൾ കസ്റ്റംസ് താരിഫ് ആക്ടിന്റെ (Indian Customs Tariff Act 1975) ഒന്നാമത്തെ ഷെഡ്യൂളിലും (Schedule I) ഇന്ത്യയിൽ നിന്നും എക്സ്പോർട്ട് ചെയ്യപ്പെടുന്ന സാധനങ്ങളുടെ ഡ്യൂട്ടി സംബന്ധമായ വിവരങ്ങൾ കസ്റ്റംസ് താരിഫ് ആക്ടിലെ ഷെഡ്യൂൽ 2 ലും (Schedule II) പ്രതിപാദിക്കുന്നു.




1. Basic Customs Duty
2. Additional Customs Duty (Countervailing Duty- CVD)
3. Anti-dumping Duty
4. Safe Guard Duty
5. Export Duty
6. Protective Duty
7. Cess on Imports
8. Education Cess

1. ***Basic Customs Duty (Standard Duty)***

   Import duties levied on the assessable value are known as Standard Duties or Basic Custom Duties. Basic custom duty is levied under Section 12 of the Customs Act. The nature of duty is *ad valorem*, i.e., by reference to the value of the item as determined under Section 14(1).

2. ***Additional Customs Duty or Countervailing Duty - (CVD)***

   **It is not a duty under the Customs Act 1962.** This duty is equal to the excise duty leviable for the time being on like goods manufactured or produced in the India. **This duty is levy under Section 3(1) of Customs Tariff Act. 1975.**

   Countervailing Duty is payable on **assessable value** plus basic customs duty plus any other sum chargeable on that article under any law. In addition to CVD can be levied only when the imported goods are 'manufactured'.

3. ***Anti-Dumping Duty on Dumped Articles***

   Dumping is said to occur when the goods are exported by a country to another country at a price lower than its normal value. This is an unfair trade practice which can have a distortive effect on international trade. Central Government

MANOOS GROUP

can impose, under Section 9-A of the Customs Tariff Act, anti-dumpling duty, if the goods are being sold at less than its normal value. Levy of such anti-dumping duty is permissible as per WTO agreement.

4. ***Safeguard Duty***

Central Government is empowered to impose 'safeguard duty' on special imported goods if Central Government is satisfied that the goods are being imported in large quantities and under such conditions that they are causing or threatening to cause serious injury to domestic industry. Such duty is permissible under WTO agreement.

5. ***Export Duty***

Export duty is practically non-existent in India. This is occasionally levied to mop up excess profitability in international prices of goods in respect of which domestic prices may be low at the given time.

6. ***Protective Duty***

Protective duty may be imposed to the rate of duty is shield the domestic industry against imports recommended by Tariff Commissioner.

7. ***Cess on Imports***

Cess is levied on indigenous manufactured goods like sugar, tea, jute, beedies, automobiles, tobacco, coffee, rubber, paper and paper board, iron ore, limestone and dolomite, manganese ore, chrome ore and cooking and non-cooking coal. This is recoverable as excise duty. If these are imported, corresponding cess will be payable.

8. ***Education Cess***

An Education Cess of customs has been imposed on imported goods with effected from 9-7-2004. The cess will be 2% of the aggregate duty of customs. In addition to existing education cess, an education cess of 1% of the total duties of customs has been imposed on imported goods w.e.f. 1-3-2007 to be utilised to finance secondary and higher education.

വേൾഡ് കസ്റ്റംസ് ഓർഗനൈസേഷൻ (World Customs Organisation - WCO) രൂപീകൃതമായ ജനുവരി 26 അന്താരാഷ്ട്ര കസ്റ്റംസ് ദിനം (International Customs Day) ആയി ആഘോഷിക്കുന്നു. ലോകരാജ്യങ്ങൾക്ക് ആവശ്യമായ കസ്റ്റംസ് നിയമങ്ങൾ രൂപീകരിക്കുകയും ചർച്ച ചെയ്യുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്യുന്ന ഒരു അന്താരാഷ്ട്ര സംഘടനയാണ് വേൾഡ് കസ്റ്റംസ് ഓർഗനൈസേഷൻ. ഇതിന്റെ ആസ്ഥാനം ബ്രസൽസിലാണ് (Brussels) ആണ്. കസ്റ്റംസിന് ആവശ്യമായ റൂളുകളും നിയമങ്ങളും ഇന്ത്യയിൽ സെൻട്രൽ ഗവൺമെന്റാണ് നിർമ്മിക്കുന്നത്.

*(Source: Indian Customs Act 1962, Indian Tariff Act 1975, Web: www.cbic.gov.in)*

Note: *കസ്റ്റംസ് സംബന്ധമായ പഠനം, കൺസൾട്ടൻസി, നിയമം മറ്റു കൂടുതൽ വിവരങ്ങൾക്ക് :*

*Contact: Mobile & whatsapp No. 9495919999*

NANOOS GROUP